## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3540** **11.12.2018 ൽ മറുപടിയ്ക്ക്**

## പലിശരഹിത വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ,<br>ശ്രീ.ചിറ്റയം ഗോപകുമാർ,<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി.സി.കെ.ആശ | | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | പ്രളയദുരന്തത്തിൽ ഗൃഹോപകരണങ്ങളും ഉപജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് ആശ്വാസമേകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)<br>യും<br>(ബി)<br>യും<br>(സി)<br>യും | പ്രളയ ദുരന്തത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി അത് വീണ്ടെടുക്കുന്നതിനായി നടപ്പിലാക്കിയ പലിശ രഹിത വായ്പാ പദ്ധതിയാണ് റിസർജെന്റ് കേരള ലോൺ സ്കീം. ഈ പദ്ധതി പ്രകാരം ഗാർഹികോപകരണങ്ങൾ വാങ്ങാനും മറ്റു കാര്യങ്ങൾക്കുമായി സർക്കാരിന്റെ ഒറ്റ തവണ ധനസഹായമായ 10000/- രൂപ ലഭിച്ച കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ പലിശ രഹിത ബാങ്ക് വായ്പ ലഭ്യമാകും. കുടുംബശ്രീയെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. അയൽക്കൂട്ട വായ്പാ പദ്ധതിയായാണ് ഇത് ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും, ഉപജീവനോപാധികൾ ഉറപ്പാക്കുന്നതിനും പലിശരഹിത വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | | |
| (ഡി) | വായ്പ വിതരണത്തിന്റെ നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ബാങ്കുകളുമായി ചേർന്ന് പദ്ധതി രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റിയുമായി സഹകരിച്ച് സഹകരണ ബാങ്കുകളുടെയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് ഷെഡ്യൂൾഡ് ബാങ്കുകളുടെയും പദ്ധതി രൂപീകരിക്കുകയും കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ